# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2240

06..10..2016 -ൽ മറുപടിയ്ക്ക്

### എഞ്ചിനീയറിംഗ് കോളേജുകൾക്ക് മികവ് അടിസ്ഥാനത്തിൽ റാങ്കിംഗ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ് | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എഞ്ചിനിയറിംഗ് കോളേജുകളിൽ അക്കാദമിക് ഓഡിറ്റിംഗ് സംവിധാനം എന്നു മുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ അക്കാദമിക് ഓഡിറ്റിംഗ് സംവിധാനം 2015-2016 അദ്ധ്യയന വർഷം മുതലാണ് നിലവിൽ വന്നത്. |
| (ബി) പ്രസ്തുത സംവിധാനം നിലവിൽ വന്നതിനുശേഷം ഏതെല്ലാം കോളേജുകൾ ഓഡിറ്റിംഗിനു വിധേയമായെന്നും, മികവ് പുലർത്തുന്നില്ലായെന്നു കണ്ടെത്തിയ ഏതെല്ലാം കോളേജുകൾക്ക് അഫിലിയേഷൻ നഷ്ടപ്പെട്ടുവെന്നും വ്യക്തമാക്കാമോ; | (ബി) | എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല 2015-2016 അദ്ധ്യയന വർഷത്തിൽ അഫിലിയേറ്റഡ് കോളേജുകളുടെ നിലവാരവും സൗകര്യവും വിലയിരുത്തുന്നതിനായി എല്ലാ കോളേജുകളേയും എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കി. |

തുടർ വിലയിരുത്തലിൽ അടിസ്ഥാന സൗകര്യങ്ങളും, അദ്ധ്യാപകരും അപര്യാപ്തമായി കണ്ട ചുവടെ ചേർക്കുന്ന 5 എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷം (2016-2017) വിദ്യാർത്ഥികളെ പ്രവേശിപ്പിക്കരുതെന്ന് ഉത്തരവു നൽകി.

(1) ശ്രീഎറണാകുളത്തപ്പൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, തൃശൂർ.

(2) സെന്റ് ഗ്രിഗോറിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ്.

(3) സദ്ഗുരു സ്വാമി നിത്യാനന്ദ സ്കൂൾ ഓഫ് ടെക്നോളജി, കാഞ്ഞങ്ങാട്.

(4)പിനാക്കിൾ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, കൊല്ലം.

(5)അർച്ചന കോളേജ് ഓഫ് എഞ്ചിനീയറിംഗ്, നൂറനാട്.

ഈ കോളേജുകളെല്ലാം, സർവ്വകലാശാല ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചെങ്കിലും ശ്രീ എറണാകുളത്തപ്പൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, തൃശൂർ, സദ്ഗുരു സ്വാമി നിത്യാനന്ദ സ്കൂൾ ഓഫ് ടെക്നോളജി, കാഞ്ഞങ്ങാട് എന്നീ സ്ഥാപനങ്ങൾക്ക് മാത്രം പ്രവേശനത്തിന് അനുമതി ലഭിക്കുകയുണ്ടായി.

(സി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്ക് മികവിന്റെ അടിസ്ഥാനത്തിൻ റാങ്കിംഗ് നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ?

(സി) മികവിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോളേജുകൾക്ക് റാങ്കിംഗ് നിശ്ചയിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

Reeb

*സെക്ഷൻ ഓഫീസർ*